**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3869 11.11.2019 ൽ മറുപടിക്ക്

## ആർദ്രം പീപ്പിൾസ് ക്യാമ്പയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ആർദ്രം പീപ്പിൾസ് ക്യാമ്പയിൻ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നതോടൊപ്പം പ്രവർത്തനങ്ങളിൽ കൂടുതലായി ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി ഒരു സംസ്ഥാനതല ക്യാംപെയിൻ തുടക്കമിടാനും ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന മിഷൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.ടി.) നം.2493/2019/ആ.കു.വ. തീയതി 18.10.2019 അനുസരിച്ച് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന അഞ്ച് മേഖലകൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് വിഭാവനം ചെയ്യുന്നത്.<br><br>1. ആരോഗ്യ വർദ്ധക രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യസേവനങ്ങളും ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തലും.<br>2. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വ്യാപിപ്പിക്കുക.<br>3. ശാരീരിക വ്യായാമങ്ങളുടെയും കായിക പ്രവൃത്തികളുടെയും പ്രോത്സാഹനം.<br>4. മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡീ-അഡിക്ഷനും<br>5. വൃത്തിയും വെടിപ്പും മാലിന്യ നിർമ്മാർജ്ജനങ്ങളും<br>ക്യാംപെയിന്റെ സംസ്ഥാനതല ഉത്ഘാടനം ബഹു.കേരള മുഖ്യമന്ത്രി നവംബർ 18-ന് നിർവ്വഹിക്കുന്നതാണ്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവനുസരിച്ചുള്ള പ്രവർത്തനപരിപാടികൾക്കായി വിപുലമായ സംസ്ഥാനതല കമ്മിറ്റികൾക്കും സബ്-കമ്മിറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ കൂടി (M.P., M.L.A.) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജില്ലാ തല കമ്മിറ്റികളുടെ നേതൃത്വത്തിൽ ജില്ലകളിലെ ക്യാംപയിനുകൾ രൂപപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. താഴെത്തട്ടിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളെയും വിവിധ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ